ടൂറിസം വകുപ്പിന്റെകീഴിൽ ബിയർ പാർലറുകളും ബിയർ പബ്ബുകളും ആരംഭിക്കുന്ന നടപടി

83 [394] *ശ്രീ. സാജു പോൾ:*

" *ചെന്നാമരാക്ഷൻ:*

" *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പരമാവധി സ്ഥലങ്ങളിൽ ബിയർ പാർലറുകളും ബിയർ പബ്ബുകളും തുറക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത്തരമൊരു നയം സ്വീകരിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(സി) കെ. ടി. ഡി. സി. ബിയർ പാർലറുകൾ സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ബിയർ പാർലറുകൾ സ്ഥാപിക്കുന്നതിന് പുറമെ മറ്റെന്തെല്ലാം പുതിയ പദ്ധതികൾക്കാണ് കെ. ടി. ഡി. സി. രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പുതുതായി ബിയർ പാർലറുകളോ ബിയർ പബ്ബുകളോ സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ബിയർ പാർലറുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടില്ല.

(സി) ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതും ടൂറിസം വികസനത്തിന് അനുയോജ്യവുമായ സ്ഥലങ്ങളിലും ടൂറിസ്റ്റുകൾ ധാരാളമായി എത്തിച്ചേരുന്ന സ്ഥലങ്ങളിലും കെ. ടി. ഡി. സി. റസ്റ്റോറന്റുകൾ തുടങ്ങുവാൻ പരിപാടിയുണ്ട്. അവയിൽ വളരെ തിരഞ്ഞെടുക്കപ്പെട്ട അത്യാവശ്യ സ്ഥലങ്ങളിൽ മാത്രം ബിയർ പാർലറുകൾ—സർക്കാരിന്റെ അനുമതി നൽകുന്നതനുസരിച്ച് മാത്രം തുടങ്ങുവാൻ പരിപാടിയുണ്ട്.

(ഡി) കണ്ണൂരിലും ആലപ്പുഴയിലും ഓരോ ത്രി നക്ഷത്ര ഹോട്ടലുകൾ സ്ഥാപിക്കാൻ പരിപാടിയുണ്ട്. മണ്ണാർക്കാട് യാത്രിനിവാസ്, തണ്ണീർമുക്കത്ത് ആയുർവേദിക് ലേക്ക് റിസോർട്ട്, തൃശ്ശൂർ ജില്ലയിൽ ചേറ്റുവായിൽ റസ്റ്റോറന്റ്, കുമരകത്ത് ബോട്ട് ടെർമിനൽ, പൊൻമുടിയിൽ കോട്ടേജുകൾ എന്നിവ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഇ) പയ്യന്നൂരിൽ ഒരു ബിയർ പാർലർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട വകുപ്പിൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly